(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) നിലവിൽ വിഴിഞ്ഞം തുറമുഖത്തുള്ള പഴയ വാർഫിൽ കൂടിയാണ് ചരക്ക് കൈകാര്യം ചെയ്യുന്നത്. പഴയ വാർഫിൽ ഗോഡൗൺ, ലൈറ്റിംഗ് സൗകര്യങ്ങൾ പരിമിതമാണ്. പുതിയതായി നിർമ്മിച്ച വാർഫിന് സമീപം ചുറ്റുമതിൽ ഗേറ്റ് ഗോഡൗൺ ഓഫീസ് സൗകര്യങ്ങൾ നിലവിലില്ല. ഈ പോരായ്മകളുള്ളതിനാൽ കസ്റ്റംസ് അധികൃതർ പുതിയ വാർഫ് വഴി വിദേശത്തേക്കുള്ള ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടില്ല. ഇതിന് പരിഹാരമാകുന്നതോടെ വിഴിഞ്ഞം തുറമുഖം കയറ്റുമതിക്കാർക്ക് പ്രത്യേക ആനുകൂല്യം ലഭിക്കുന്ന പോർട്ടായി മാറുമെന്ന് പ്രതീക്ഷിക്കുന്നു.

റെയിൽവേപ്പാലങ്ങളുടെ നിർമ്മാണത്തിന് റെയിൽവേയിൽ നിന്നും ധനസഹായം

235 (5125) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്രയെണ്ണത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കി ;

(സി) എത്രയെണ്ണത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിച്ചു ;

(ഡി) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് റെയിൽവേയിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ടോ ; എങ്കിൽ എത്ര ശതമാനം പങ്കാളിത്തം ലഭിക്കുന്നു ?

ഉത്തരം

(എ) 65

(ബി) 38

(സി) 22

(ഡി) ഉണ്ട്. 50%

റെയിൽവേ മേൽപ്പാലങ്ങളുടെ പണി ത്വരിതപ്പെടുത്താൻ നടപടി

236 (5126) ശ്രീ. പള്ളിപ്രം ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്ദുർഗ്ഗ് മണ്ഡലത്തിലെ ചെറുവത്തൂർ, പള്ളിക്കര (നീലേശ്വരം പഞ്ചായത്ത്) എന്നീ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly